# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

ബിരുദാനന്തര ബിരുദ പ്രവേശനം - സ്കൗട്ട്സ്&ഗൈഡ്സ് ബാഡ്ജ്/ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബോണസ് മാർക്ക് / വെയിറ്റേജ് മാർ ക്ക് അനുവദിക്കേണ്ടതില്ല എന്ന സിൻ ഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 8525/AC A 1/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 03.08.2023

---

*പരാമർശം:*-1. 28.07.2020 തീയതിയിൽ കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് സ്റ്റേറ്റ് സെക്രട്ടറി സമർപ്പിച്ച കത്ത്.
2. സർവ്വകലാശാല ഉത്തരവ് നം. 3176/ACA1/2021/എം.ജി.യു തീയതി. 08.07.2021.
3. 07.07.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നമ്പർ 96/23.04/34305/AC A1-2/2022.

**ഉത്തരവ്**

സർവ്വകലാശാലയിലെ ബിരുദ/ബിരുദാനന്തര ബിരുദ പ്രവേശനത്തിന് സ്കൗട്ട്സ് & ഗൈഡ്സ് വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുള്ള ബാഡ്ജിന്റെ/ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബോണസ് മാർക്ക് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) കത്ത് ലഭിച്ചിരുന്നു. ആയത് പരിഗണിച്ച് വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (2) ഉത്തരവ് പ്രകാരം സമിതിയെ നിയോഗിക്കുകയും ചെയ്തു.

ടി സമിതി സമർപ്പിച്ച റിപ്പോർട്ട് 07.07.2023-ന്ന കൂടിയ സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും പരാമർശം (3) പ്രകാരം , "സ്കൗട്ട്സ് & ഗൈഡ്സ് ബാഡ്ജ് / സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബിരുദാനന്തര ബിരുദ പ്രവേശനത്തിന് ബോണസ് മാർക്ക് / വെയിറ്റേജ് മാർക്ക് അനുവദിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.കെ.പി പ്രദീപ്കുമാർ, സ്റ്റേറ്റ് സെക്രട്ടറി, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്
2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4.എ.ആർ1 (അക്കാദമിക് )/ഡി.ആർ1 .(അക്കാദമിക് )/ജെ.ആർ2 (അഡ്മിൻ)
5. പി.ആർ.ഒ./ഐ.ക്യു.എ .സി / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
6.എസി ബി 6/ എ സി സി 1/എ സി സി 2 / ആക്ഷൻ ടേക്കൺ റിപ്പോർട്ട്
8.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #10 of File 34305/AC A1-2/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 03-Aug-2023 11:05 AM - Page 1